(ഇ) ഒരു ടൺ കരിങ്കല്ലിന് 16 രൂപ റോയൽറ്റി അടയ്ക്കേണ്ടതാണ്. ക്യൂബിക് മീറ്ററിന് 40 രൂപയാണ് റോയൽറ്റി. അലങ്കാര വിധാനശിലകൾക്ക് 4000 രൂപ ക്യൂബിക് മീറ്ററിന് റോയൽറ്റി അടയ്ക്കണം.

(എഫ്) ഉണ്ട്. പാറ പൊട്ടിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 1957-ലെ എം.എം.സി.ആർ. ആക്ട്, 1967-ലെ കെ.എം.എം.സി. റൂൾസ് എന്നീ നിയമങ്ങൾ മൂലം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ നിയമങ്ങൾക്കനുസൃതമായ ശാസ്ത്രീയ നിരീക്ഷണങ്ങൾക്കുശേഷമേ ഖനന അനുമതി നൽകാറുള്ളൂ. പ്രസ്തുത നിരീക്ഷണങ്ങളിൽ പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളും പരിശോധിക്കാറുണ്ട്. ഇത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ വിദഗ്ദ്ധ ഭൂവിജ്ഞാന ശാസ്ത്രജ്ഞൻമാർ നിർവഹിക്കുന്നു.

തലസ്ഥാന നഗരിയിൽ മെട്രോ സർവ്വീസ്

*11 [494] ശ്രീ. ലൂഡി ലൂയിസ്:
„ വി. ബാലറാം:
„ ടി. എച്ച്. മുസ്തഫ:
„ ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. തലസ്ഥാന നഗരിയിൽ മെട്രോ സർവ്വീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഈ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസായി വിഭാവന ചെയ്തിട്ടുണ്ടോ;

(ഡി) പ്രൈവറ്റ് സർവ്വീസുകളുമായി ഫലപ്രദമായി മൽസരിക്കുവാൻ ഈ മെട്രോ സർവ്വീസിനു കഴിയുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നു.

(സി) വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നു.

(ഡി) കഴിയും.

LIBRARY ARCHIVES Kerala Legislative Assembly